LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും, നെയ്യാറ്റിൻകര, പരവൂർ, അടിമാലി, വൈക്കം, തിരൂരങ്ങാടി, സുൽത്താൻബത്തേരി, തലശ്ശേരി, തളിപ്പറമ്പ് എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളെ ക്രമവിരുദ്ധമായി നാമനിർദ്ദേശം ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ 20 കേസുകളിലായി 30 പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയുണ്ടായി. ഇതിൻപ്രകാരം 2 പേരെ സസ്പെൻഡ് ചെയ്തു. ഇതിൽ ഒരാളിനെ എംപ്ലോയ്മെന്റ് ഡയറക്ടറും അപരനെ വിജിലൻസ് വകുപ്പുമാണ് സസ്പെൻഡ് ചെയ്തത്. വിജിലൻസ് വകുപ്പിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ടയാൾ ഇപ്പോഴും സസ്പെൻഷനിൽ തന്നെ തുടരുകയാണ്.

അച്ചടക്ക നടപടി സ്വീകരിച്ച 20 കേസുകളിലായി 6 ഉദ്യോഗസ്ഥൻമാർക്ക് സെൻഷർ നൽകിയിട്ടുണ്ട്. 4 പേരുടെ വാർഷിക ഇൻക്രിമെന്റ് 6 മാസത്തേക്കും, 6 പേരുടെ വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്കും, 2 പേരുടെ 2 വാർഷിക ഇൻക്രിമെന്റുകളും 3 പേരുടെ 3 വാർഷിക ഇൻക്രിമെന്റുകളും സഞ്ചിതഫല ത്തോടെയല്ലാതെ തടഞ്ഞുവച്ചുകൊണ്ട് ശിക്ഷണ നടപടികൾ അവസാനി പ്പിക്കുകയുണ്ടായി.

ഒരു ഉദ്യോഗസ്ഥന്റെ ഒരു വാർഷിക ഇൻക്രിമെന്റും, 2 ഉദ്യോഗസ്ഥൻമാരുടെ 2 വാർഷിക ഇൻക്രിമെന്റുകളും സഞ്ചിതഫലത്തോടെ തടഞ്ഞുവച്ചുകൊണ്ട് ശിക്ഷണ നടപടികൾ അവസാനിപ്പിച്ചു. ബാക്കിയുള്ള കേസുകളിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കംപ്യൂട്ടർ വൽക്കരിക്കുന്നതിലൂടെ വകുപ്പിന്റെ പ്രവർത്തനം ഏറെക്കുറെ കുറ്റമറ്റതായി തീർക്കാൻ കഴിയും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി

99 [3108] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനായി പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ എത്ര വർഷത്തെ സീനിയോറിറ്റി ഉള്ളവരെയാണ് ആരോഗ്യവകുപ്പിലും മറ്റു സർക്കാർ വകുപ്പുകളിലും പാർട്ട് ടൈം ജീവനക്കാരുടെ നിയമനത്തിനായി ശുപാർശ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പൊതു വിഭാഗത്തിൽപ്പെടുന്നവർക്കും വിവിധ സംവരണവിഭാഗത്തിൽപ്പെടുന്നവർക്കും എത്ര വർഷത്തെ സീനിയോറിറ്റി ആവശ്യമുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സീനിയോറിറ്റി മറികടന്ന് ചില നിയമനങ്ങൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ശുപാർശ നടത്തിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ നൽകാമോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമന നടപടി ക്രമങ്ങൾ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(ജി) നിയമനത്തിന് ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതും ക്രമക്കേട് നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തലത്തിലാണ് പാർട്ട്ടൈം കണ്ടിജന്റ് ഒഴിവുകൾ കൈകാര്യം ചെയ്തുവരുന്നത്. അതത് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്റ്ററിന്റെ എണ്ണവും അറിയിക്കപ്പെടുന്ന ഒഴിവുകളുടെ എണ്ണവും അടിസ്ഥാനമാക്കി, ഓപ്പൺ വിഭാഗത്തിലും, വിവിധ സംവരണ വിഭാഗത്തിലും ഉയർന്ന സീനിയോറിറ്റിയുള്ള ഉദ്യോഗാർത്ഥികളെയാണ് ആരോഗ്യവകുപ്പ് ഉൾപ്പെടെയുള്ള വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് നാമനിർദ്ദേശം ചെയ്തുവരുന്നത്. അതുകൊണ്ട് ഇത്തരം ഒഴിവുകൾക്ക് സംസ്ഥാനത്തെ 79 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും വ്യത്യസ്ത സീനിയോറിറ്റിയുള്ളവരെയാണ് നാമനിർദ്ദേശം ചെയ്തിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ചില എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ, നിയമനങ്ങൾക്ക് സീനിയോറിറ്റി മറികടന്ന് ശുപാർശ ചെയ്തത് സംബന്ധിച്ച് 20 കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തി കുറ്റക്കാരായ 30 ഉദ്യോഗസ്ഥൻമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ ആന്റ് എഫ്) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള സെലക്ട് ലിസ്റ്റുകളിൽ നിന്നുമാണ് ഉദ്യോഗാർത്ഥികളെ പരിഗണിച്ചുവരുന്നത്. സെലക്ട് ലിസ്റ്റുകൾ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഉദ്യോഗാർത്ഥികൾക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിവരുന്നുണ്ട്. മൂന്ന് വർഷം പ്രാബല്യത്തിലുള്ള സെലക്ട് ലിസ്റ്റുകൾ ആറുമാസത്തിലൊരിക്കൽ റിവ്യൂ നടത്തി പുതിയതായി അർഹത നേടിയവരെക്കൂടി ചേർത്ത് അപ്ഡേറ്റ് ചെയ്തുവരുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകൾ സംബന്ധിച്ച വിശദാംശവും, ഉദ്യോഗദായകന് നൽകുന്ന ലിസ്റ്റും ഉദ്യോഗാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്ക് ലഭ്യമാക്കാറുമുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഓരോ ഒഴിവുകൾക്കും അവസാനമായി പരിഗണിച്ച സീനിയോറിറ്റിയും മറ്റ് വിശദാംശങ്ങളും എൻകയറി കൗണ്ടർ വഴിയും വേക്കൻസി സെക്ഷനിലൂടെയും യഥാസമയം നൽകിവരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) നിയമനത്തിന് ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതും ക്രമക്കേട് നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്.

കണ്ണൂർ ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത എസ്. സി./എസ്. റ്റി. വിഭാഗങ്ങൾ

100 [3109] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ എത്ര ടൗൺ എക്സ്ചേഞ്ചുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും രജിസ്റ്റർ ചെയ്ത എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ളവർ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാനും മൽസര പരീക്ഷകൾക്കും ഉള്ള കോച്ചിംഗ് ക്ളാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടോ എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിലുള്ള കണക്കനുസരിച്ച് 16585 എസ്.സി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും 1121 എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനുപുറമേ തലശ്ശേരി, തളിപ്പറമ്പ്, മട്ടന്നൂർ എന്നിവിടങ്ങളിൽ മൂന്ന് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾകൂടി നിലവിലുണ്ട്.

(സി) വിവരം ചുവടെ ചേർക്കുന്നു:

	എസ്.സി.	എസ്.റ്റി.
തലശ്ശേരി	1937	596
തളിപ്പറമ്പ്	4986	53
മട്ടന്നൂർ	1470	457

മണ്ണാർക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ

101 [3110] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly